

# CALENDAR FOR CAGE FISH FARMING

**July 2021**

*Krishi Vigyana Pathrika - 02/2021*


**ICAR- KRISHI VIGYAN KENDRA (ERNAKULAM)**
**ICAR-Central Marine Fisheries Research Institute**
*Dept. of Agricultural Research and Education, Ministry of Agriculture and Farmers Welfare, Govt. of India*
Arattuvazhy beach, Narakkal Post, Kochi, Kerala - 682 505
E-mail: kvk.ernakulam@icar.gov.in | web: www.kvkernakulam.org.in
PH : 0484 2972450


Cage fish farming is becoming popular in the brackish water resources of Kerala. Pearl spot, Tilapia and Asian Seabass are the most suitable species for cage farming. Current practice of farmers is to commence cage farming as and when the seeds are getting available rather than commencing in a season that is most suitable for initiation of cage farming. In such case, cage farming generally ends up in crop loss as environmental or other factors are not taken into consideration. Massive mortality in cages is a common issue during peak summer months. High water temperature coupled with low inflow during summer creates anoxic conditions in cages. Presence



of pesticide and heavy metal residues in the rivers and canals further worsen the situation. Whereas commencing farming at appropriate season and harvest at right time can offset these disadvantages and reap a better crop. It is in this context that the KVK (Ernakulam) of CMFRI has developed following calendars for cage fish farming.


## *Cage farming calendar for Asian Seabass*

| Month | Proposed work |
|---|---|
| June | Site selection/ repair and re-furbishing cages |
| July-August | Cage fabrication* |
| September | Cage installation and nursery rearing of fish seeds in HDPE 12 mm mesh size happa nets. |
| October | Releasing fingerlings to the cages** |
| April-May | Complete harvest and marketing<br>Cage net dismantling, cleaning and safe custody<br>Shifting cage frame safely to land |


*PREPARED BY*
**Dr. Vikas P.A., Dr. Shinoj Subrahmaniyam**
*I.C.A.R. Krishi Vigyan Kendra, (Ernakulam), C.M.F.R.I*

*PUBLISHED BY*
**Dr. A. Gopalakrishnan**
*Director, Central Marine Fisheries Research Institute, C.M.F.R.I*



## *Cage farming calendar for Pearl spot*

| Month | Proposed work |
|---|---|
| June | Site selection/ repair and re-furbishing cages |
| July | Cage fabrication* |
| August | Cage installation and rearing of fish seeds in HDPE 12 mm mesh size happa nets. |
| October | Releasing fingerlings to grow out cages** |
| December-January | Partial harvest and marketing |
| April-May | Complete harvest and marketing<br>Cage net dismantling, cleaning and safe custody<br>Shifting cage frame safely to land |

## *Cage farming calendar for Tilapia*

| Month | Proposed work |
|---|---|
| June | Site selection/ repair and re-furbishing cages |
| July | Cage fabrication* |
| August | Cage installation and rearing of fish seeds in HDPE 12 mm mesh size happa nets. |
| October | Releasing fingerlings to grow out cages** |
| January | Complete harvest and marketing<br>Cage net dismantling, cleaning and safe custody<br>Shifting cage frame safely to land |

*Please orders for cages manufactured by KVK (Ernakulam) @ 9562120666

**Minimum fingerling size recommend for cage farming are: Asian Seabass 10 cm, Tilapia and Pearlspot 7 cm.





# കൂട് മത്സ്യകൃഷിക്കൊരു കലണ്ടർ

ജൂലൈ 2021

കൃഷി വിജ്ഞാന പത്രിക - 02/2021


**ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)**

**ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

(കാർഷിക ഗവേഷണ - വിദ്യാഭ്യാസ വകുപ്പ്, കൃഷി - കർഷകക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ)
ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം, കേരളം - 682 505
ഇ-മെയിൽ : **kvk.ernakulam@icar.gov.in** । വെബ്സൈറ്റ് : **www.kvkernakulam.org.in**

ഫോൺ: 0484 2972450


ഓരു ജലാശയങ്ങളിലെ കൂട് മത്സ്യകൃഷിയ്ക്ക് വ്യാപകമായ പ്രചാരമാണ് കേരളത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. വിളവെടുപ്പ് എളുപ്പമാണ് എന്നതും ആവശ്യത്തിനനുസരിച്ച് വിളവെടുക്കാം, വിലയനുസരിച്ച് വിപണനം സാധ്യമാണ് എന്നതുമാണ് കൂടു മത്സ്യക്കൃഷിയുടെ പ്രധാന ആകർഷണീയതകൾ. കരിമീൻ, തിലാപ്പിയ, കാളാഞ്ചി എന്നീ മത്സ്യങ്ങളാണ് ഓരു ജല കൂട് കൃഷിയ്ക്ക് ഏറ്റവും അനുയോജ്യമായവ. കൃഷി ചെയ്യാൻ സ്ഥലമില്ലാത്തവർക്ക് പൊതു ജലാശയങ്ങളിൽപോലും കൃഷി സാധ്യമാണ് എന്നത് കൂടുമത്സ്യക്കൃഷിയെ ജനകീയമാക്കി. എന്നാൽ വേനൽക്കാലത്ത് മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തു പൊങ്ങുന്നതും മഴക്കാലത്ത് വെള്ളപ്പൊക്കത്തിൽ കൂടുകൾ നശിച്ച് മത്സ്യങ്ങൾ നഷ്ടപ്പെടുന്നതും കൂട് മത്സ്യക്കൃഷിയുടെ ആകർഷണീയതയ്ക്കു കുറച്ചൊന്നുമല്ല മങ്ങലേൽപ്പിക്കുന്നത്. വേനലിൽ ചൂട് കൂടുന്നതും നീരൊഴുക്ക് കുറയുന്നതും ഒപ്പം ജലത്തിൽ രാസവസ്തുക്കളുടെ സാന്നിധ്യവും എല്ലാം ചേർന്ന് കൂടുകൾക്കുള്ളിൽ പ്രാണവായു കുറയുന്നതാണ് കാരണം. കൃത്യമായ ആസൂത്രണത്തോടെ സമയത്ത് തന്നെ കൂടുകൾ നിർമ്മിച്ച് വലുപ്പമുള്ളതും ആരോഗ്യമുള്ളതുമായ കുഞ്ഞുങ്ങളെ ലഭ്യമാക്കി കൃത്യമായ തീറ്റ കൊടുത്ത് വേനലിലെ ജലഗുണനിലവാരം താഴുന്നതിന് മുൻപേ തന്നെ വിളവെടുപ്പ് നടത്തക്ക വിധത്തിൽ കൃഷി ക്രമീകരിക്കുകയാണെങ്കിൽ മേൽപറഞ്ഞ പ്രശ്നങ്ങൾ ഒഴിവാക്കാവുന്നതാണ്. ഇത്തരത്തിൽ കൃഷി ക്രമീകരിക്കുവാനായി താഴെ കൊടുത്തിരിക്കുന്ന കലണ്ടർ ഉപയോഗിക്കുക.

## കാളാഞ്ചി കൃഷി കലണ്ടർ

| മാസം | ചെയ്യേണ്ട ജോലി |
|---|---|
| ജൂൺ | സ്ഥലം തിരഞ്ഞെടുക്കൽ/നിലവിൽ കൂടുണ്ടെങ്കിൽ അവ നന്നാക്കൽ |
| ജൂലൈ-ആഗസ്റ്റ് | പുതിയ കൂടാണെങ്കിൽ അവയുടെ നിർമ്മാണം* |
| സെപ്റ്റംബർ | കൂട് സ്ഥാപിക്കൽ, പ്രത്യേകം തയ്യാറാക്കിയ 12mm HDPE ഹാപ്പ നെറ്റുകളിൽ കുഞ്ഞുങ്ങളുടെ നഴ്സറി പരിപാലനം |
| ഒക്ടോബർ | വലുതായ കുഞ്ഞുങ്ങളെ കൂടുകളിൽ നിക്ഷേപിക്കൽ** |
| ഏപ്രിൽ-മെയ് | പൂർണ്ണമായും വിളവെടുക്കുകയും വിപണനം നടത്തുകയും ചെയ്യുക<br>കൂടുകളിലെ വലകൾ അഴിച്ച് മാറ്റി വൃത്തിയാക്കി സൂക്ഷിക്കുക<br>കൂട് കരയിലേക്ക് മാറ്റി സുരക്ഷിതമായി വയ്ക്കുക |


**തയ്യാറാക്കിയത്**

ഡോ. വികാസ് പി.എ., ഡോ. ഷിനോജ് സുബ്രമണ്യൻ
ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം, (എറണാകുളം),
സി.എം.എഫ്.ആർ.ഐ

**പ്രസാധകൻ**

ഡോ. എ. ഗോപാലകൃഷ്ണൻ
ഡയറക്ടർ, കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം,
(സി.എം.എഫ്.ആർ.ഐ)


## കരിമീൻ കൃഷി കലണ്ടർ

| മാസം | ചെയ്യേണ്ട പ്രവർത്തി |
|---|---|
| ജൂൺ | സ്ഥലം തിരഞ്ഞെടുക്കൽ / നിലവിൽ കൂടുണ്ടെങ്കിൽ അവ നന്നാക്കൽ |
| ജൂലൈ | പുതിയ കൂടാണെങ്കിൽ അവയുടെ നിർമ്മാണം* |
| ആഗസ്റ്റ് | കൂട് സ്ഥാപിക്കൽ, പ്രത്യേകം തയ്യാറാക്കിയ 12mm HDPE ഹാപ്പ നെറ്റുകളിൽ കുഞ്ഞുങ്ങളുടെ നഴ്സറി പരിപാലനം |
| ഒക്ടോബർ | വലുതായ കുഞ്ഞുങ്ങളെ കൂടുകളിൽ നിക്ഷേപിക്കൽ** |
| ഡിസംബർ | വലുപ്പമെത്തിയ മൽസ്യങ്ങളെ തിരഞ്ഞെടുത്ത് വിപണനം നടത്തുക. |
| ഏപ്രിൽ - മെയ് | പൂർണ്ണമായും വിളവെടുക്കുകയും വിപണനം നടത്തുകയും ചെയ്യുക<br>കൂടുകളിലെ വലകൾ അഴിച്ച് മാറ്റി വൃത്തിയാക്കി സൂക്ഷിക്കുക<br>കൂട് കരയിലേക്ക് മാറ്റി സുരക്ഷിതമായി വയ്ക്കുക |

## തിലാപ്പിയ കൃഷി കലണ്ടർ

| മാസം | ചെയ്യേണ്ട പ്രവർത്തി |
|---|---|
| ജൂൺ | സ്ഥലം തിരഞ്ഞെടുക്കൽ / നിലവിൽ കൂടുണ്ടെങ്കിൽ അവ നന്നാക്കൽ |
| ജൂലൈ | പുതിയ കൂടാണെങ്കിൽ അവയുടെ നിർമ്മാണം* |
| ആഗസ്റ്റ് | കൂട് സ്ഥാപിക്കൽ, പ്രത്യേകം തയ്യാറാക്കിയ 12mm HDPE ഹാപ്പ നെറ്റുകളിൽ കുഞ്ഞുങ്ങളുടെ നഴ്സറി പരിപാലനം |
| ഒക്ടോബർ | വലുതായ കുഞ്ഞുങ്ങളെ കൂടുകളിൽ നിക്ഷേപിക്കൽ** |
| ജനുവരി | പൂർണ്ണമായും വിളവെടുക്കുകയും വിപണനം നടത്തുകയും ചെയ്യുക<br>കൂടുകളിലെ വലകൾ അഴിച്ച് മാറ്റി വൃത്തിയാക്കി സൂക്ഷിക്കുക<br>കൂട് കരയിലേക്ക് മാറ്റി സുരക്ഷിതമായി വയ്ക്കുക |

* എറണാകുളം കെ.വി.കെ നിർമ്മിച്ച് നൽകുന്ന മത്സ്യക്കൂടുകൾക്കായി വിളിക്കുക @ 9562120666

** കൂടുകൃഷിയ്ക്കുപയോഗിക്കേണ്ട കുഞ്ഞുങ്ങളുടെ കുറഞ്ഞ വലുപ്പം കളാഞ്ചി 10 സെ.മീ., കരിമീൻ/തിലാപ്പിയ 7 സെ.മീ

